**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6473** **10-07-2024 - ൽ മറുപടിയ്ക്ക്**

**എം.ആർ.എസ്., പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്.,പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി താമസിച്ചു പഠിക്കേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് മറ്റ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ വിവിധ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അനുവദനീയമായ കുട്ടികളുടെ എണ്ണം കഴിഞ്ഞതിനാൽ പട്ടികജാതി വിഭാഗത്തിലുള്ള 50 വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിലുള്ള കെട്ടിടം വാടകയ്ക്ക് ലഭ്യമാക്കി ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ/സ്ഥാപനത്തിന്റെ ഹോസ്റ്റലുകൾ ഇല്ലാത്തതു കാരണമായോ അവിടങ്ങളിൽ അഡ്മിഷൻ ലഭിക്കാത്തതു കാരണമായോ പുറത്ത് സ്വന്തം നിലയിലോ സ്വകാര്യ ഹോസ്റ്റലുകളിലോ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ ഇ-ഗ്രാന്റ്സ് മുഖേന ഹോസ്റ്റൽ ഫീസ് ഇനത്തിൽ പ്രതിമാസം 1500/- രൂപ നൽകി വരുന്നു.<br><br>പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 10 ശതമാനം സീറ്റുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ചെയ്ത് വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ ഹോസ്റ്റൽ സൗകര്യം ലഭിക്കാത്തതും അംഗീകൃത സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് നൽകി വരുന്നു. |
| (സി) | നിലവിലുള്ള എം.ആർ.എസ്.കളുടെയും ഹോസ്റ്റലുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | പട്ടികജാതി വകുപ്പിന് കീഴിൽ നിലവിലുള്ള എം.ആർ.എസ്സുകളുടെയും പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിവിധ സർക്കാർ ഏജൻസികൾ മുഖേന ലഭ്യമാകുന്ന എസ്റ്റിമേറ്റുകൾ അംഗീകരിച്ച് തുക അനുവദിച്ച് നൽകിവരുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേക്കായി അറ്റകുറ്റപ്പണികൾ, ഹോസ്റ്റൽ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. ഹോസ്റ്റലുകളിൽ ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>എല്ലാ ഹോസ്റ്റലുകളിലും ഗ്യാസ് കണക്ഷൻ, ശുദ്ധജന ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ തുടങ്ങിയവ അനുവദിച്ച് നൽകിയിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ,സി.സി.റ്റി.വി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സി.സി.റ്റി.വി ഇല്ലാത്ത ഹോസ്റ്റലുകളിൽ അവ സ്ഥാപിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള എം ആർ എസ്സുകളുടെയും ഹോസ്റ്റലുകളുടെയും നവീകരണത്തിനും പരിപാലനത്തിനുമായി സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, ശുചിമുറി നിർമ്മാണം, കുടിവെള്ള പദ്ധതികൾ, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, ജല ശുദ്ധീകരണ പദ്ധതി, ഖരമാലിന്യ സംസ്കരണ പ്ലാന്റ്, സി സി റ്റി വി തുടങ്ങിയവ ലഭ്യമാക്കി സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ

# **അനുബന്ധം**

**പട്ടികജാതി വികസന വകുപ്പ്**

| **ജില്ല** | **എം.ആർ.എസ്** | **പ്രീമെട്രിക് ഹോസ്റ്റൽ** | **പോസ്റ്റ് മെട്രിക് ഹോസ്റ്റൽ** |
|---|---|---|---|
| തിരുവനന്തപുരം | 1 | 6 | 4 |
| കൊല്ലം | 0 | 8 | 2 |
| പത്തനംതിട്ട | 0 | 6 | 0 |
| ആലപ്പുഴ | 1 | 4 | 0 |
| കോട്ടയം | 0 | 3 | 2 |
| ഇടുക്കി | 1 | 7 | 0 |
| എറണാകുളം | 1 | 5 | 3 |
| തൃശ്ശൂർ | 2 | 5 | 0 |
| പാലക്കാട് | 2 | 15 | 2 |
| മലപ്പുറം | 0 | 5 | 0 |
| കോഴിക്കോട് | 1 | 6 | 2 |
| വയനാട് | 0 | 1 | 0 |
| കണ്ണൂർ | 0 | 7 | 1 |
| കാസർഗോഡ് | 1 | 8 | 3 |

86 പ്രീമെട്രിക് ഹോസ്റ്റലുകളിൽ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ പ്രീമെട്രിക് ഹോസ്റ്റൽ, തൃശ്ശൂർ ജില്ലയിലെ ഏങ്ങണ്ടിയൂർ പ്രീമെട്രിക് ഹോസ്റ്റൽ, കാസർഗോഡ് ജില്ലയിലെ അണങ്കൂർ പ്രീമെട്രിക് ഹോസ്റ്റൽ എന്നീ 3 ഹോസ്റ്റലുകളുടെയും കെട്ടിടം unfit ആയതിനാൽ ടി ഹോസ്റ്റലുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ടി ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളെ സൗകര്യപ്രദമായ മറ്റ് ഹോസ്റ്റലുകളിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

| **ജില്ല** | **എം.ആർ.എസ്** | **പ്രീമെട്രിക് ഹോസ്റ്റൽ** | **പോസ്റ്റ് മെട്രിക് ഹോസ്റ്റൽ** |
|---|---|---|---|
| തിരുവനന്തപുരം | 3 | 2 | 2 |
| കൊല്ലം | 1 | 3 | 1 |

| | | | |
|---|---|---|---|
| പത്തനംതിട്ട | 1 | 2 | 0 |
| ആലപ്പുഴ | 0 | 1 | 0 |
| കോട്ടയം | 1 | 2 | 0 |
| ഇടുക്കി | 2 | 15 | 0 |
| എറണാകുളം | 0 | 4 | 2 |
| തൃശ്ശൂർ | 1 | 5 | 1 |
| പാലക്കാട് | 3 | 23 | 3 |
| മലപ്പുറം | 1 | 10 | 1 |
| കോഴിക്കോട് | 0 | 4 | 0 |
| വയനാട് | 5 | 26 | 1 |
| കണ്ണൂർ | 1 | 7 | 0 |
| കാസർഗോഡ് | 3 | 3 | 1 |